**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3989** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെമിക്കൽ എക്സാമിനേർസ് ലബോറട്ടറിയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കെമിക്കൽ എക്സാമിനേർസ് ലബോറട്ടറിയിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് ലബോറട്ടറിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠനം പൂർത്തിയായിട്ടുണ്ട്.** |
| (ബി) | വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 2024 മെയ് 31 വരെയുള്ള കാലയളവിൽ എത്ര സാമ്പിളുകൾ രാസപരിശോധനക്കായി പ്രസ്തുത ലബോറട്ടറിയിൽ കെട്ടിക്കിടക്കുന്നു എന്ന് കുറ്റകൃത്യങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | സാമ്പിളുകളിൽ രാസ പരിശോധന നടത്താൻ കഴിയാത്തത് മൂലം ഇരകൾക്ക് നീതി നിഷേധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **അടിയന്തര പ്രാധാന്യമുള്ള കേസുകളിലും, കോടതി, പോലീസ്, എക്സൈസ്, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന അറിയിപ്പുകൾ, NDPS Act പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ സമയബന്ധിതമായി രാസപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നല്കുന്നുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സാമ്പിളുകളുടെ പരിശോധന വേഗത്തിലാക്കുന്നതിനും, കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത ലബോറട്ടറിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാകത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ഡി) | **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിൽ നിലവിലെ അനലിസ്റ്റ് തസ്തികകളായ സയന്റിഫിക് ഓഫീസർ തസ്തികയിൽ 01.06.2024 ൽ ഉണ്ടായ ഒരു ഒഴിവ് (പ്രൊമോഷൻ വഴി നികത്തേണ്ടത്) നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് സീറോളജിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ്** |

| | | | |
|---|---|---|---|
| | | | **സീറോളജിക്കൽ അസിസ്റ്റന്റ് തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ല.** |
| (ഇ) | പി.എസ്.സി. റാങ്ക ലിസ്റ്റ് നിലവിൽ വന്ന ശേഷം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ എത്ര സയന്റിഫിക്ക് ഓഫീസർ നിയമനമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | **നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ സയന്റിഫിക് ഓഫീസർ നിയമനം ഡയറക്റ്റ് റിക്രൂട്ട്മെന്റ് : ബൈപ്രാമോഷൻ എന്ന നിലയിൽ 1:1 എന്ന അനുപാതത്തിലാണ്. ഡയറക്റ്റ് റിക്രൂട്ട്മെന്റ് ആയി ഒരു ഒഴിവ് മാത്രമാണ് വകുപ്പിൽ ഉണ്ടായത്.** |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | ക്രൈം ഹെഡ് | 31/05/2024 വരെയുള്ള പെൻഡിംഗ് കേസുകളുടെ എണ്ണം | |
|---|---|---|---|
| | | കേസുകൾ | ആർട്ടിക്കിളുകൾ |
| 1 | കൊലപാതകം | 66 | 304 |
| 2 | ലൈംഗിക അതിക്രമങ്ങൾ | 86 | 163 |
| 3 | മുങ്ങി മരണം | 402 | 809 |
| 4 | പാമ്പിൻ വിഷം | 8 | 10 |
| 5 | വിസർജ്ജ്യ വസ്തുക്കൾ | 1 | 2 |
| 6 | മനുഷ്യ വിഷം | 33126 | 122785 |
| 7 | പോസ്റ്റ് മോർട്ടം ബ്ലഡ് | 2967 | 5208 |
| 8 | മദ്യപാനം | 650 | 1188 |
| 9 | ജന്തു വിഷം | 213 | 932 |
| 10 | എക്സൈസ് | 10420 | 18031 |
| 11 | എക്സൈസ് മിസല്ലേനിയസ് | 1520 | 6520 |
| 12 | ഡിസ്റ്റിലറി | 8 | 22 |
| 13 | നാർക്കോട്ടിക്സ് | 13996 | 14261 |
| 14 | പലവക & സ്ഫോടക വസ്തുക്കൾ | 288 | 2502 |
| 15 | റ്റിങ്ചർ -എം&ടി.പി | 33 | 1243 |
| | ആകെ | 63787 | 173980 |

(ഒപ്പ്)